# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.270 — 19.02.2016 ൽ മറുപടിയ്ക്ക്

### സപ്ലൈകോയുടെ നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. സി.കെ.സദാശിവൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയുടെ നെല്ല് സംഭരണം കാര്യക്ഷമമല്ലാത്തതു മൂലം കർഷകർക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെല്ല് സംഭരണം കാര്യക്ഷമമാണ്. |
| (ബി) നെല്ല് സംഭരണം വൈകുന്നതിനാലും സംഭരിച്ച നെല്ലിന്റെ വില യഥാസമയം നൽകാത്തതിനാലും കർഷകർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇതു കാരണം അടുത്ത വിളയിറക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ കർഷകർക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എത്ര; | (ബി) സപ്ലൈകോ നെല്ല് സംഭരണം വൈകിക്കുന്നില്ല. 2015-16 ഒന്നാം സീസണിൽ 31.12.2015 വരെയുള്ള മുഴുവൻ തുകയും കർഷകർക്ക് കൊടുത്തു തീർത്തിട്ടുണ്ട്. 2015-16 രണ്ടാം സീസണിൽ 01.01.2016 മുതൽ സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) തുക കർഷകർക്ക് കുടിശ്ശികയായി നൽകുവാനുണ്ട്. 14.02.16 വരെ 26.35 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ട്. ഇത് ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്. |
| (സി) നെല്ല് സംഭരണം നടക്കുമ്പോൾ തന്നെ കർഷകർക്ക് വില ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് 2013-14-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത്; അവ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) കൊയ്ത്തു സീസൺ ആരംഭിക്കുമ്പോൾ നെല്ല് സംഭരണത്തിന് ആവശ്യമായ തുക അതാതു ജില്ലാ സഹകരണ ബാങ്കുകളിൽ രൂപീകരിക്കപ്പെടുന്ന റിവോൾവിംഗ് ഫണ്ടിലേയ്ക്ക് ഗവൺമെന്റ് നിക്ഷേപിക്കുന്നതും, നെല്ല് സംഭരണം നടക്കുമ്പോൾ തന്നെ അതിന്റെ വിലയ്ക്കുള്ള ചെക്ക് സർവ്വീസ് സഹകരണ ബാങ്കുകൾ വഴി കൃഷിക്കാർക്ക് നൽകുന്നതുമാണ് എന്ന് 2013-14 -ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പിലാക്കുവാൻ കേന്ദ്ര ഫണ്ട് മുൻകൂട്ടി ലഭിക്കേണ്ടതുണ്ട്. പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത് കേന്ദ്ര ഫണ്ടിന്റെ ലഭ്യതയിലുള്ള കാലതാമസം കാരണവും നെല്ല് സംഭരണ പദ്ധതി കേന്ദ്ര ഭക്ഷ്യ പൊതു വിതരണ മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗവും ആയതിനാൽ അതിൻ പ്രകാരമുള്ള നിർദ്ദേശങ്ങളും പാലിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംഭരിച്ച നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് അരി മില്ലുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ എവിടെയൊക്കെ സ്ഥാപിക്കു മെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ഇത് നടപ്പിലാക്കാനായിട്ടുണ്ടോ; ഇതിന് പ്രസ്തുത ബജറ്റിൽ തുക വകയിരുത്തി യിരുന്നോ; ഇതിൽ നിന്നും നാളിതു വരെ എത്ര തുക പിൻവലിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | സംഭരിക്കുന്ന നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് വയനാട്, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഓരോ അരി മില്ലുകൾ സ്ഥാപിക്കുമെന്ന് 2013-14 -ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇത് നടപ്പിലാക്കിയിട്ടില്ല. ഇതിന് ബജറ്റിൽ 14 കോടി രൂപ അധികം വകയിരുത്തുമെന്ന് അറിയിച്ചിരുന്നു വെങ്കിലും നാളിതുവരെ തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ